**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി നഗരസഭ - വൈറ്റില 28-ാം ഡിവിഷനിൽ ശ്രീമതി ടെസ്സി ജോയിസിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ പ്രവർത്തനമില്ലാതെ അടഞ്ഞുകിടന്ന കാലയളവിലെ വസ്തു നികുതി ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം.2232/ 18/ ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 13/ 08/ 2018.

---

പരാമർശം: 1. കൊച്ചി നഗരസഭയുടെ 10/ 02/ 2017 ലെ13-ാം നമ്പർ തീരുമാനം.

2.നഗരകാര്യ ഡയറക്ടറുടെ 17/ 07/ 2017 ലെ G1- 8830/ 17 നമ്പർ റിപ്പോർട്ട്

3.ശ്രീമതി ടെസ്സി ജോയ്സ് 28/ 12/ 2017 ൽ സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

കൊച്ചി നഗരസഭയിലെ വൈറ്റില 28-ാം ഡിവിഷനിൽ ശ്രീമതി.ടെസ്സി ജോയിസ് കുരീത്തടം ,കെൻസ് സൺറൈസ് കന്റോൺമെന്റ്,അഞ്ചുമനറോഡ്, മൈത്രി ലെയ്ൻ ,കൊച്ചി - 24. ഉടമസ്ഥതയിലുള്ള 28/ 865- A, 28/ 865- B എന്നീ നമ്പർ കെട്ടിടങ്ങൾ അപേക്ഷകയുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം വ്യാപാരം നിറുത്തി വെയ്ക്കുകയും ബാങ്ക് വായ്പ തിരിച്ചടക്കാത്തതിനാൽ ടി കടമുറികൾ ജപ്തി ചെയ്തതായും 14/ 03/ 2016 ലെ കോടതി ഉത്തരവ് പ്രകാരം കടമുറികൾ കക്ഷിക്ക് തിരികെ ലഭിച്ചിട്ടുള്ളതുമാണെന്നും 2009- 10 മുതൽ ടി കടയുടെ നികുതി ഒടുക്കിയിട്ടില്ലായെന്നും ടി കാലയളവിൽ കടമുറി ജപ്തി ചെയ്തത് പരിഗണിച്ച് നികുതി ഒടുക്കുന്നതിൽ നിന്ന് ഇളവ് അനുവദിക്കണമെന്നും ശ്രീമതി.ടെസ്സി ജോയിസ് നഗരസഭയിൽ അപേക്ഷ സമർപ്പിക്കുകയും ആയത് നഗരസഭ കൗൺസിൽ പരിഗണിക്കുകയും സർക്കാർ അനുമതിക്ക് വിധേയമായി നികുതി ഒഴിവാക്കി നൽകുന്നതിന് പരാമർശം 1 പ്രകാരം തീരുമാനിച്ചിട്ടുള്ളതുമാണ്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അപേക്ഷകയ്ക്ക് സാമ്പത്തിക ബുദ്ധിമുട്ടുള്ളതായും കച്ചവടം നിർത്തിവച്ചതായും ബാങ്ക് വായ്പ്പ യഥാസമയം ഒടുക്കാത്തതിനാൽ ജപ്തി നടപടിക്ക് വിധേയമായതുമൂലം കടകൾ അടഞ്ഞു കിടന്നതായും നഗരസഭാ സെക്രട്ടറിയും നഗരകാര്യ ഡയറക്ടറും റിപ്പോർട്ടുചെയ്തിട്ടുള്ള സാഹചര്യത്തിൽ കൊച്ചി നഗരസഭാ തീരുമാനത്തിന്റെയും

പരാമർശം (2) പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ശ്രീമതി.ടെസ്സി ജോയിസിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ 2009- 10 മുതൽ ജപ്തിനടപടിക്ക് വിധേയമായ കാലയളവുവരെയുള്ള വസ്തുനികുതി ഒഴിവാക്കി ഉത്തരവാകുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി.ടെസ്സി ജോയിസ് കുരീത്തടം ,കെൻസ് സൺറൈസ് കന്റോൺമെന്റ്, അഞ്ചുമന റോഡ് മൈത്രി ലെയ്ൻ ,കൊച്ചി - 24.
സെക്രട്ടറി, കൊച്ചി നഗരസഭ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് /എ&ഇ/എൽ.ബി.എ),
~~കേരള~~ ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ